"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - M/s. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO) സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും, ഉപകരണങ്ങളും കൃഷി വകുപ്പിനായി നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.64/2025/PPAD തീയതി,തിരുവനന്തപുരം, 25-07-2025

---

പരാമർശം:-
1. കൃഷി (ഐ.എഫ്.എ) വകുപ്പിന്റെ 14/11/2024 ലെ സ.ഉ.(സാധാ)നം.1061/2024/AGRI. നമ്പർ സർക്കാർ ഉത്തരവ്.
2. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO) മാനേജിംഗ് ഡയറക്ടറുടെ 07/04/2025-ലെ KAICO/HO/Tech/554/2025-26/12 നമ്പർ കത്ത്.

**ഉത്തരവ്**

M/s. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കൃഷി വകുപ്പിന്റെ ആവശ്യങ്ങൾക്കായി ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവ് അനുവദിച്ചുകൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2025 മാർച്ച് 31 വരെ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 31.03.2025-ൽ അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടി ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ച് നല്കണമെന്ന് കെയ്കോ മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, M/s. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് (KAICO) സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കൃഷി വകുപ്പിന്റെ ആവശ്യങ്ങൾക്കായി ടെൻഡർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന്, ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ടെൻഡർ ഇളവിലൂടെ വാങ്ങുന്ന കാർഷിക യന്ത്രോപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്.

ii) ഇളവിലൂടെ വാങ്ങുന്ന യന്ത്രസാമഗ്രികളുടെ വില വിപണിവിലയുമായി താരതമ്യം ചെയ്ത് താരതമ്യേന വില കുറവുള്ളതാണെന്ന് പർച്ചേസിംഗ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്(KAICO), കിസാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), തിരുവനന്തപുരം.

കൃഷി (ഐ.എഫ്.എ) വകുപ്പ് (AGRI-IFA1/62/2025-AGRI - എന്ന ഫയൽ പ്രകാരം)

കൃഷി (പി.യു.) വകുപ്പ്.

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.

(സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

( ഉത്തരവ് സർക്കാർ വെബ് സൈറ്റിൽ ചേർക്കുന്നതിന്.)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ